# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.344 | 15.03.2018- ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. പ്രകാരം കോമ്പൻസേഷനായി ലഭിക്കേണ്ട തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തോ എന്ന് കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. എങ്കിലും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ജി.എസ്.ടി.ആർ 3 ബി, ജി.എസ്.ടി.ആർ 1 എന്നിവ കൃത്യസമയത്ത് ഫയൽ ചെയ്യാത്ത നികുതിദായകരുടെ വിവരങ്ങൾ ജി.എസ്.ടി.എൻ - ന്റെ ബാക്ക് എൻഡിൽ ലഭ്യമാണ്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം കേന്ദ്ര സർക്കാരിൽ നിന്നും കോമ്പൻസേഷനായി ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട ഗഡുക്കളായി 2017 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 2017 നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി ക്രെഡിറ്റ് സെറ്റിൽമെന്റിൽ നിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ 2018 ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. പ്രകാരമുള്ള നികുതി വരുമാനം വർദ്ധനവ് കാണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്; | (സി) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനം ആണ്. ചരക്കുസേവനനികുതി നിയമപ്രകാരം |

| | | | |
|---|---|---|---|
| | | | അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ജി.എസ്.ടി.എൻ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് മൂലം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനു കഴിയാതെ വന്നത് പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ നികുതി പിരിവിൽ കുറവ് വരുത്തുകയും ചെയ്തു. |
| (ഡി) | കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്ത വ്യാപാരികൾ ജി.എസ്.ടി. പിരിക്കുന്നതായ പരാതി അന്വേഷിച്ച് ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് സംസ്ഥാനമൊട്ടാകെയുള്ള കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശം ഇല്ല എന്ന ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. നിയമവിരുദ്ധമായി നികുതി പിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി തുടർപരിശോധന നടത്തുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**